(ബി) എങ്കിൽ ഇത് ഏത് ഘട്ടംവരെയായിയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തിരുവനന്തപുരം മേഖലാ സ്റ്റേഷനറി ഓഫീസ് പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ട്. വകുപ്പ് പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുന്ന നടപടി സ്വീകരിച്ചുവരുന്നു.

പങ്കജ കസ്തൂരി എന്ന സ്ഥാപനത്തിന് അനുവദിച്ച തുക

126 [283] ശ്രീ. എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗക്കാർക്ക് തൊഴിൽ നൽകുന്നതിനായി 'പങ്കജകസ്തൂരി' എന്ന സ്ഥാപനത്തിന് എത്ര രൂപ അനുവദിച്ചിട്ടുണ്ട്; ഇതനുസരിച്ച് എത്ര പേർക്ക് തൊഴിൽ കൊടുക്കുന്നു എന്നത് സംബന്ധിച്ച ലിസ്റ്റ് ലഭ്യമാക്കുമോ;

(ബി) പങ്കജകസ്തൂരി എന്ന സ്ഥാപനത്തിന് ഏതെല്ലാം വ്യവസ്ഥകളിന്മേലാണ് തുക അനുവദിച്ചത്;

(സി) ഇതുപോലെ ഇത്തരം പ്രവർത്തനങ്ങൾക്ക് മറ്റേതെങ്കിലും സ്ഥാപനങ്ങളെ ചുമതലപ്പെടുത്തിയിട്ടുണ്ടോ?

ഉത്തരം

(എ) പങ്കജകസ്തൂരി എന്ന സ്ഥാപനത്തിന് പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും തുക അനുവദിച്ചിട്ടില്ല.

(ബി) ബാധകമല്ല.

(സി) ഇല്ല.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly